**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2367** **12-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്രനികുതി വിഹിതത്തിലെ ഇടിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ധനകമ്മിഷന്റെ തെറ്റായ നിലപാട് കാരണം സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്രനികുതി വിഹിതത്തിൽ വലിയ ഇടിവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കാനായി മാറ്റിവയ്ക്കുന്ന തുകയിലെ കുറവ്, വീതം വയ്ക്കലിലെ മാനദണ്ഡങ്ങളിൽ വരുന്ന മാറ്റം എന്നിവ കാരണം കാലാകാലങ്ങളിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം ലഭിക്കുന്നില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം സംസ്ഥാനത്തിന്റെ നികുതി വിഹിതം 2.5%-ൽ നിന്നും 1.943% ആയും (2020-21 റിപ്പോർട്ട്) തുടർന്ന് 1.925% ആയും (2021-26 റിപ്പോർട്ട്) കുറഞ്ഞിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുവാൻ മേഖലാധിഷ്ഠിത ഗ്രാന്റായും സംസ്ഥാനാധിഷ്ഠിത ഗ്രാന്റായും എത്ര കോടി രൂപ അനുവദിക്കണമെന്നാണ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | മേഖലാധിഷ്ഠിത ഗ്രാന്റ് / സംസ്ഥാനാധിഷ്ഠിത ഗ്രാന്റ് ആയി 9461 കോടി രൂപ അനുവദിക്കണമെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷന് സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത ശുപാർശ കേന്ദ്ര സർക്കാർ പാർലമെന്റിനു മുമ്പാകെ വെച്ച Action taken report പ്രകാരം അംഗീകരിച്ചിരുന്നില്ല. പ്രസ്തുത വിഷയം 05.07.2021-ന് നടന്ന എം.പി-മാരുടെ സമ്മേളനത്തിൽ ഉന്നയിക്കുകയും, പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ സെക്ടറൽ / സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റുകൾ അനുവദിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. |
| (സി) | ആയതിൻമേൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ; | (സി) | ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് ഇതുവരെ സംസ്ഥാനത്തിനെ അറിയിച്ചിട്ടില്ല. |
| (ഡി) | കോവിഡ് പ്രതിസന്ധി കണക്കിലെടുത്ത് എല്ലാ വായ്പകൾക്കും 2021 ഡിസംബർ 31 വരെയെങ്കിലും മൊറട്ടോറിയം അനുവദിക്കണമെന്ന | (ഡി) | കോവിഡ്-19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31.12.2021 വരെ |

| | | | |
|---|---|---|---|
| | ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ; | | മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴ പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രിയും ധനകാര്യ വകുപ്പ് മന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് മറുപടിയൊന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ല. |
| (ഇ) | കോവിഡ് പ്രതിസന്ധിയിൽ വായ്പ തിരിച്ചടയ്ക്കാൻ വീഴ്ച വരുത്തുന്നവരെ ഭീഷണിപ്പെടുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി ഉൾപ്പെടെ എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ഇ) | കോവിഡ് രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0- Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടേയും ചെറിയ സംരംഭങ്ങളുടേയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മോറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of Covid-19 related stress of Individual and Small Business പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ്വ് ബാങ്ക് നൽകിയിട്ടുള്ളതാണ്. കോവിഡ് പ്രതിസന്ധി മൂലം വായ്പ തിരിച്ചടവിന് ബുദ്ധിമുട്ടുന്നവർക്ക് താൽക്കാലിക ആശ്വാസമെന്ന നിലയിൽ വായ്പ തിരിച്ചടവിന് സാവകാശം ലഭിക്കുന്നതിനും വായ്പകളെ തരംതാഴ്ത്തുന്നതിൽ നിന്നും വായ്പകൾ നിഷ്ക്രിയ ആസ്തികളാകുന്നതിൽ നിന്നും സംരക്ഷിക്കുന്നതിനുമായാണ് റിസർവ്വ് ബാങ്ക് ഈ സംവിധാനം നിഷ്കർഷിച്ചിട്ടുള്ളത്. കോവിഡ് പ്രതിസന്ധിയിൽ വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തിയതിന് വായ്പക്കാരെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഭീഷണിപ്പെടുത്തിയതായി റിപ്പോർട്ടുകളൊന്നും ശ്രദ്ധയിൽ വന്നിട്ടില്ല. ഇന്ത്യൻ ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ 45-ാം ഇനമായി ഉൾപ്പെട്ട ബാങ്കിംഗ് എന്ന വിഷയത്തിൽ രൂപീകൃതമായ കേന്ദ്രനിയമമായ സർഫാസി ആക്ടിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് കിട്ടാക്കടം ഈടാക്കുന്നതിനായി ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ സ്വീകരിക്കുന്ന |

| | | | |
|---|---|---|---|
| | | | നിയമാനുസൃത നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. |
| (എഫ്) | ഈ സർക്കാർ അധികാരമേറ്റശേഷം കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന് ഗ്രാന്റായി എത്ര കോടി രൂപ അനുവദിക്കണമെന്നാണ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത്; ആയതിൻമേൽ കേന്ദ്ര സർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ? | (എഫ്) | പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-26 കാലയളവിലേയ്ക്ക് സെക്ടർ സ്പെസിഫിക് ഗ്രാന്റിനത്തിൽ 2412 കോടി രൂപയും സ്റ്റേറ്റ് സ്പെസിഫിക് ഗ്രാന്റിനത്തിൽ 1100 കോടി രൂപയും ശുപാർശ ചെയ്തിരുന്നുവെങ്കിലും ആയത് കേന്ദ്ര സർക്കാർ പരിഗണിച്ചിരുന്നില്ല. കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത ഗ്രാന്റ് അനുവദിക്കുന്നതിനുള്ള അനുകൂല നടപടി സ്വീകരിക്കണമെന്ന് 13.07.2021-ൽ ബഹു. പ്രധാനമന്ത്രിക്ക്, ബഹു. മുഖ്യമന്ത്രി നേരിട്ട് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 03.08.2021-ൽ എമർജൻസി റെസ്പോൺസ് പാക്കേജിലേക്കായി 289.82 കോടി രൂപയുടെ പ്രോപ്പോസലുകളാണ് കേന്ദ്ര സർക്കാരിന് നാഷണൽ ഹെൽത്ത് മിഷൻ മുഖേന സമർപ്പിച്ചത്. ഇതിനായി 267.35 കോടി രൂപയുടെ പദ്ധതികളാണ് 60:40 കേന്ദ്ര സംസ്ഥാന വിഹിത അനുപാതത്തിൽ കേന്ദ്രം അംഗീകരിച്ചത് (160.41 കോടി കേന്ദ്ര വിഹിതവും 106.94 കോടി സംസ്ഥാന വിഹിതവും). ഇതിന്റെ ആദ്യ ഗഡുവായി 26.08 കോടി രൂപയും രണ്ടാം ഗഡുവായി 60.86 കോടി രൂപയും ഇതുവരെ കേന്ദ്രം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ